"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - 2025-2026 സാമ്പത്തിക വർഷത്തെ പദ്ധതിയേതര ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ - ബി) വകുപ്പ്**

സ.ഉ.(സാധാ) നം.106/2026/WRD   തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം : കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 07.05.2025, 02.07.2025 തീയതികളിലെ KWA-JB/729/2023-F2 (Funds) KWA നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള ജല അതോറിറ്റിക്ക് 2025-26 വർഷത്തെ സംസ്ഥാന ബജറ്റിൽ, സ്ഥാപന ചെലവുകൾ, പ്രവർത്തന, പരിപാലന ചെലവുകൾ, പലിശ അടയ്ക്കൽ, വായ്പകളുടെ തിരിച്ചടവ് എന്നിവയ്ക്കായി പദ്ധതിയേതര ഗ്രാന്റായി 33228.280 ലക്ഷം രൂപ നീക്കിവച്ചു.

2) പരാമർശ കത്തു പ്രകാരം, ശമ്പളം, പെൻഷൻ, ജീവനക്കാർക്കുള്ള മറ്റ് ആനുകൂല്യങ്ങൾ, മറ്റ് സ്ഥാപന ചെലവുകൾ എന്നിവയ്ക്കായി 2025-26 സാമ്പത്തിക വർഷത്തേക്ക് കേരള വാട്ടർ അതോറിറ്റിക്ക് മൂന്ന് ഗഡുക്കളായി 3764.274 ലക്ഷം രൂപ അനുവദിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

3) സർക്കാർ ഈ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചു. കേരള വാട്ടർ അതോറിറ്റിക്ക് അടിയന്തര ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര ശീർഷകത്തിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ 200 കോടി രൂപ ചുവടെ ചേർത്തിരിക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

| HEAD OF ACCOUNT | AMOUNT IN RS (LAKH) | TOTAL AMOUNT IN RS (LAKH) |
|---|---|---|
| a) 2215-01-190-99 (19) 31 - Grant-in-Aid - Salary | 11036.2560 | 18189.856 |
| 2215-01-190-99 (19) 36 - Grant-in-Aid - Non-Salary | 7153.6000 | |
| (b) 2215-02-190-99 (02) 31 – Grant-in-Aid - Salary | 1106.7120 | 1810.144 |
| 2215-02-190-99 (02) 36 — Grant-in-Aid — Non-Salary | 703.4320 | |
| **GRAND TOTAL** | | **20000.000** |

1. പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing ) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിയ്ക്കുവാൻ പാടില്ല.
2. 29/08/2009 ലെ സർക്കുലർ നം 75/09/ധനത്തിലേയും 9/12/2008-ലെ സർക്കുലർ നം 84/08/ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിയ്ക്കേണ്ടതാണ്
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020 ലെ സ.ഉ.(കൈ)നം. 4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിൽ സമർപ്പിയ്ക്കേണ്ടതാണ്.
4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്കു തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
2. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്.
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
6. ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Khadeeja Alungal
Date: 29-01-2026 14:40:39
സെക്ഷൻ ഓഫീസർ